1. വി.വി.ഐ.പി. വിസിറ്റ് 2016 (24.09.2016 & 25.09.2016) വിവിധ റോഡുകളിൽ ഇരുവശവും ബാരിക്കേഡ് നിർമ്മാണം - 19,90,570 രൂപ

2. എൽ.എ.സി.-എ.ഡി.എസ്.- കക്കോടി പഞ്ചായത്തിലെ ഫ്ലഡ് ബാങ്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ- 1,49,60,168 രൂപ

3. വി.ഐ.പി. വിസിറ്റ്-കുഞ്ഞിപ്പള്ളി-മുക്കാളി റോഡിൽ കി.മീ 0/000 മുതൽ 1/200 (കി.മീ 98/000 മുതൽ 99/700) റെക്ടിഫിക്കേഷൻ - 6,19,388 രൂപ കെട്ടിട വിഭാഗത്തിനുകീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണ ചുമതലകൾ സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം സാങ്കേതികാനുമതി നൽകി ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനും ടെണ്ടറില്ലാതെ നൽകിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 53,59,11,513 രൂപയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ടെണ്ടറില്ലാതെ ULCCS എന്ന ഏജൻസിക്ക് 2,75,81,716 രൂപയ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുണ്ട്. കിഫ്ബി-റിക്ക് ലിമിറ്റഡ്-കോഴിക്കോട്-ബാലുശ്ശേരി റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് (Ch. 000 മുതൽ Ch.20/320) കോൺട്രാക്ട് തുക - 12,68,461 രൂപ.

(സി) ടെണ്ടറില്ലാതെ സർക്കാർ നിർമ്മാണ പ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ടെണ്ടറില്ലാതെ സർക്കാർ നിർമ്മാണ പ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകളൊന്നും നിലവിലില്ല.

കിടങ്ങൂർ-കാവാലിപ്പുഴ ലൂക്കപാലം

5 (754) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിലാറിന് കുറുകെ കിടങ്ങൂർ-കാവാലിപ്പുഴ ലൂക്കപാലത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മീനച്ചിലാറിന് കുറുകെ കിടങ്ങൂർ-കാവാലിപ്പുഴ ലൂക്കുപാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ഈ പദ്ധതിക്ക് പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ആയത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മീനച്ചിലാറിന് കുറുകെ കിടങ്ങൂർ-കാവാലിപ്പുഴ ലൂക്കുപാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കുമോ; പൊതുമരാമത്ത് വകുപ്പിൽ ഏത് സെക്ഷനാണ് ഇത് കൈകാര്യം ചെയ്യുന്നത്; ആയതിന്റെ ഫയൽ നമ്പരും കമ്പ്യൂട്ടർ തപാൽ നമ്പരും അറിയിക്കാമോ ?

മീനച്ചിലാറിന് കുറുകെ കിടങ്ങൂർ-കാവാലിപ്പുഴ ലൂക്കുപാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

കേരള പുനർനിർമ്മാണ പദ്ധതി

6 (755) ഡോ. മാത്യു കുഴൽനാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിപ്രകാരം പൊതുമരാമത്ത് വകുപ്പിനു കീഴിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് നടക്കുന്നത്; വിശദമാക്കുമോ?

കേരള പുനർനിർമ്മാണ പദ്ധതിപ്രകാരം പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ: (1) ആലപ്പുഴ ജില്ലയിലെ ശാർങ്ങകാവ് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 12.5 കോടി രൂപയുടെയും 2) പത്തനംതിട്ട ജില്ലയിലെ ഐരാവൺ പാലത്തിന്റെ നിർമ്മാണത്തിനായി 12.25 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 3) എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് പുതിയ two lane പാലത്തിന്റെ നിർമ്മാണത്തിനായി 30 കോടി രൂപയ്ക്ക് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ആയിട്ടില്ല. കേരള പുനർ നിർമ്മാണ പദ്ധതിപ്രകാരം കെ.എസ്.ടി.പി. നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*. മേൽപ്രവൃത്തികളുടെ ആകെ എസ്റ്റിമേറ്റ് തുക 3686.39 കോടി രൂപയാണ്. പ്രവൃത്തികളൊന്നും നിലവിൽ പൂർത്തീകരിച്ചിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.